

സാവന.com
sbvsghsspanamamanayil@gmail .com

# സമർപ്പണം

നിറമുള്ള ഭാവനയുടെ വാക്കുകൾ അടർന്നുവീഴുന്നത് ചിന്തകളുടെ തീപ്പൊരിയിലേക്കാണ്.

ഒരു തരി വെളിച്ചം മതി ഇരുട്ടകറ്റാൻ. വേറിട്ട ചിന്തകൾ മതി ഉയർച്ചയിലേക്ക് നയിക്കാൻ. അതുകൊണ്ട് തന്നെ ഉടയസൂര്യനെ സംബന്ധിച്ചത് എന്ന അർത്ഥം വരുന്ന '**സാവന**' എന്ന ഈ ഡിജിറ്റൽ മാഗസിൻ സർഗ്ഗാത്മകതയുടെ വ്യത്യസ്തതകൾ കൊണ്ട് ഇതൾ വിരിയിച്ച രചനകളാണ്. നാളെയുടെ പ്രതീക്ഷകളാണ് ഇവയോരോന്നും...

# താളുകൾ മറിക്കുമ്പോൾ

1. 1 ആഡിഡസിന്റെ വിജയക്കുതിപ്പ് - **റഹാൻ റിയാസ്**

2. 5 അമ്മ - സജിന എ

3. 6 Beautiful Peacock - Nesrin Fathima N

4. 7 എന്റെ അമ്മ - മീരാ ഗോപൻ

5. 8 Eternal Love - Ajeena S

6. 11 കണ്ണുകൾക്കുള്ളിലെ കാർമേഘം- നളായനി.എസ് കുമാർ

7. 15 കൗമാരദിനാചരണം - ഫർഹാന. എ

8. 17 മഹാത്മാ ഗാന്ധി - തൻസി താഹ

9. 21 Manu and Lovely Cat - Shifana

10.22 മനുഷ്യൻ നേരെ; ലോകം നേരെ - ആദിൽ മുഹമ്മദ് എൻ

11. 24 Maternity - Adhinan Hassan

12. 28 oil conservation towards better environment - Samson Sonno George

13. 30 സംരക്ഷിക്കാം പരിസ്ഥിതിയെ- അബിന അശീർ

14. 32 പിതാവിനെത്തേടി- അനന്തകൃഷ്ണൻ ബി

15. 33 ഇന്റർനെറ്റ് ഉപയോഗം: കരുതേണ്ട ചില കാര്യങ്ങൾ- റഹാൻ റിയാസ്

16. 35 ഗാന്ധിജി - അൻസിൽ എ

17.37 പരിസ്ഥിതി സംരക്ഷണം - ഷിഫാന എസ്സ്

**18. 39 ശൂന്യത -സൂഫിയ നിസാർ**

# <u>അഡിഡാസിന്റെ</u>

# <u>വിജയക്കുതിപ്പ്...</u>


<u>അഡിഡാസ്:</u> ലോകമെങ്ങുമുള്ള സ്റ്റേഡിയങ്ങളിൽ ഈ പേരു കാണാം. ചിലപ്പോൾ ഷൂവിൽ, ടി ഷർട്ടിൽ, അതുമല്ലെങ്കിൽ പന്തിൽ!. അഡിഡാസിന്റെ കഥ വായിക്കൂ...

---

ജർമ്മനിയിലെ ബവേറിയ എന്ന സ്ഥലത്തായിരുന്നു അഡോൾഫ് ഡെസ്ലർ എന്ന കുട്ടിയുടെ താമസം. ആഡി എന്നായിരുന്നു അവനെ എല്ലാവരും വിളിച്ചിരുന്നത്.

1900-ൽ ജനിച്ച ആഡി കുട്ടിക്കാലത്തെ വലിയ കായികപ്രേമിയായിരുന്നു. ഫുട്ബോൾ, ബോക്സിംഗ്, ഹോക്കി തുടങ്ങി മിക്ക കായിക മത്സരങ്ങളോടും വലിയ കമ്പമായിരുന്നു! ആഡിക്ക് മറ്റൊരു വിനോദം കൂടിയുണ്ട്. ഡിസ്കസ് എറിയാനുള്ള ഡിസ്ക് കല്ല് ചെത്തി മിനുക്കി ഉണ്ടാക്കും, ജാവലിൻ എറിയാനുള്ള സ്റ്റിക്ക് മരക്കമ്പ് ചെത്തി മിനുക്കി തയാറാക്കും!

അക്കാലത്തേ ജർമ്മനിയിൽ എല്ലാവരും സൈന്യത്തിൽ നിർബന്ധമായും സേവനം അനുഷ്ഠിക്കണമായിരുന്നു. ആഡിയും സൈന്യത്തിൽ ചേർന്നു.



കുറച്ചുകാലം കഴിഞ്ഞു സൈന്യത്തോട് വിട പറഞ്ഞു ആഡി നാട്ടിൽ തിരിച്ചെത്തി.

തിരിച്ചെത്തിയ ആഡി ഒരു കാര്യം മനസ്സിലാക്കി; ഒരു കായികതാരത്തിന്റെ പ്രകടനത്തിൽ അയാൾ

*<u>അഡോൾഫ് ഡെസ്ലർ</u>*

ധരിച്ച ഷൂവിന് വലിയ പങ്കുണ്ട്. ഈ ചിന്ത ആഡിയുടെ മനസ്സിൽ 'കളിച്ചു വളർന്നുകൊണ്ടിരുന്നു'.

ഒന്നാം ലോകമഹായുദ്ധസമയത്ത് ജർമ്മനിയുടെ അവസ്ഥ വളരെ മോശമായി. ആഡിയുടെ അമ്മയ്ക്ക് തുണി അലക്കി റെഡിയാക്കുന്ന ബിസിനസ്സ് ആയിരുന്നു. യുദ്ധം മുറുകിയതോടെ അത് അവസാനിപ്പിക്കേണ്ടി വന്നു.

യുദ്ധഭൂമിയിൽ ഉപേക്ഷിക്കപ്പെട്ട നിരവധി സാധനങ്ങൾ കിടന്നിരുന്നു. ഷൂസ്, തകർന്ന പാരഷൂട്ടുകൾ, പാഴ്സ് ചെയ്യുന്ന പെട്ടികൾ. ഇവയെല്ലാം ആഡി ശേഖരിച്ചു തുടങ്ങി. എന്നിട്ട് താൻ മനസ്സിൽ കണ്ടതു പോലെയുള്ള ഒരു ഷൂ നിർമ്മിക്കാൻ തുടങ്ങി.




*<u>അഡിഡാസിന്റെ ആസ്ഥാനം</u>*



അങ്ങനെ ഒരു കൊച്ചു ഷെഡ്ഡിൽ ആഡിയുടെ പ്രത്യേകതരം ഷൂ പിറവിയെടുത്തു. ആദ്യത്തെ 'സ്പൈക്ഡ് ഷൂ!' നല്ല ഗ്രിപ്പും കനക്കുറവും ധരിക്കാൻ നല്ല

സുഖവും! ഈ ഷൂ കളിക്കാർക്കൊക്കെ വളരെ ഇഷ്ടമായി. ആഡിക്ക് കുറേ ഓർഡറുകളും കിട്ടി. പക്ഷേ, പ്രതിസന്ധികൾ ഏറെയുണ്ടായിരുന്നു. ധാരാളം ഷൂസ് നിർമ്മിക്കണമെങ്കിൽ മോട്ടോർ വേണം. ഓടിക്കാൻ കറന്റുമില്ല! ആഡി അതിനും വഴി കണ്ടെത്തി, ഒരു സൈക്കിൾ സംഘടിപ്പിച്ചു. ആ സൈക്കിൾ ചവിട്ടി മോട്ടോർ ആവശ്യമുള്ളിടത്ത് പ്രയോജനപ്പെടുത്താം

1924-ൽ സഹോദരൻ റൂഡി എന്ന റുഡോൾഫ് ഡെസ്ലർക്കൊപ്പം ഡെസ്ലർ ബ്രദേഴ്സ് സ്പോർട്ട്സ് ഷൂ ഫാക്ടറി എന്ന പേരിൽ ആഡി ഷൂ നിർമ്മാണക്കമ്പനി തുടങ്ങി.

പതുക്കെപ്പതുക്കെ ആഡിയുടെ കമ്പനി വളർന്നു. രാജ്യത്തിനു പുറത്തേക്കും തന്റെ ഷൂ അറിയപ്പെടണമെന്ന് ആഡി ആഗ്രഹിച്ചു. അവിടെയും ആഡിയുടെ ബുദ്ധി പ്രവർത്തിച്ചു. ആഡിയുടെ ഷൂ പരീക്ഷണങ്ങളെക്കുറിച്ച് കേട്ട ജർമ്മൻ ട്രാക്ക് ആൻഡ് ഫീൽഡ് ഉടമ ജോസഫ് വെയ്റ്റ്സർ അവനെ അന്വേഷിച്ചു വന്നു. ജോസഫിന്റെ സഹായത്തോടെ ആഡി തന്റെ ഷൂസ് കൂടുതൽ മികച്ചതാക്കി.

1936-ൽ സമ്മർ ഒളിംപിക്സ് നടക്കുന്നത് ജർമ്മനിയിലായിരുന്നു. ജോസഫ് വഴി ആഡി അമേരിക്കൻ കായികതാരം ജെസ്സി ഓവൻസിനെ പരിചയപ്പെട്ടു. ആഡിയുടെ കമ്പനിയുടെ ഷൂ ധരിച്ച് ജെസ്സി ഓവൻസ് മത്സരിക്കാനിറങ്ങി. ആ ഒളിമപിക്സിൽ ജെസ്സി ഓവൻസ് സ്വന്തമാക്കിയത് 4 സ്വർണ്ണമെഡലുകളായിരുന്നു! അതോടെ ആഡിയുടെ കമ്പനിയുടെ ഷൂസ് കൂടുതൽ പ്രശസ്തമായി.

നിരവധി ടീമുകളും വിവിധ രാജ്യങ്ങളിലെ പട്ടാളങ്ങളും ആഡിയുടെ കമ്പനിയുടെ ഷൂസിനായി കാത്തിരിക്കാൻ തുടങ്ങി. വിൽപ്പന വൻതോതിൽ കൂടി. ലാഭം കുമിഞ്ഞ് കൂടി.



*ജെസ്സി ഓവൻസ്* വർഷങ്ങൾ കഴിഞ്ഞു. അതിനിടെ ആഡിയും റൂഡിയും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുത്തു. തർക്കം മൂത്ത അവർ ഇരുവരും 1949-ൽ പിരിഞ്ഞു. അങ്ങനെ റൂഡി ആ കമ്പനിയിലെ ഓഹരി വാങ്ങി മറ്റൊരു കമ്പനി തുടങ്ങി. കൂട്ടുകാർ കേട്ടിരിക്കും; ആ കമ്പനിയുടെ പേരാണ് പ്യൂമ! അതോടെ റുഡോൾഫ് ഡെസ്ലർ ആഡി തന്റെ കമ്പനിയുടെ പേര് ഒന്ന് പരിഷ്കരിച്ചു:ആഡിഡാസ്.

1954-ലെ ലോകകപ്പിൽ മത്സരിച്ച ജർമ്മൻ ടീം ധരിച്ചത് അഡിഡാസ് ഷൂസായിരുന്നു. ലോകകപ്പിൽ ജർമ്മനി വിജയിച്ചു, ഒപ്പം അഡിഡാസും! 1978-ൽ അഡോൾഫ് ഡെസ്ലർ അന്തരിച്ചു. അപ്പോഴേക്കും ആഡിഡാസിന്റെ നാമം ലോകമെങ്ങും അറിയപ്പെട്ടിരുന്നു. ആഡിഡാസിന്റെ ഇന്നത്തെ ആസ്തി ഏകദേശം 10 ലക്ഷം കോടി രൂപയാണ്! ഷൂസിന് പുറമെ സ്പോർട്സ് വസ്ത്രങ്ങളും ബോളുകളും കളിക്കളത്തിലേക്ക് ആവശ്യമായ മറ്റുപകരണങ്ങളുമെല്ലാം

അഡിഡാസ് നിർമ്മിച്ചു വിതരണം ചെയ്യുന്നുണ്ട്. സ്വന്തം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ദീർഘ വീക്ഷണത്തോടെ കാര്യങ്ങൾ ചെയ്യതോണ് ആഡിയുടെ വിജയം...

- റഫാൻ റിയാസ്. IX F

# അമ്മ...

-സജിന എ VII C



എൻ ജീവനാണ് അമ്മ
ഇന്നെന്റെ മാത്രമാണ് അമ്മ
അമ്മ തന്ന വാത്സല്യം
അമ്മ തന്ന സ്നേഹം
മറക്കുവാൻ കഴിയില്ല

അമ്മ നല്ലതാണ്
ജീവന്റെ ജീവനാണ് അമ്മ
നല്ല അമ്മയാണ്
അമ്മ നൽകും ഭക്ഷണം
നല്ല ഭക്ഷണമാണ്

അമ്മ പറയും വാക്കുകൾ
മധുരമുള്ള വാക്കുൾ
അവർ തരും ഉപദ്ദേശങ്ങൾ
നല്ല ഉപദ്ദേശങ്ങളാണ്
എന്റെ ജീവനാണ് അമ്മ

എന്റെ മാത്രം അമ്മ
അമ്മ തന്ന വാത്സല്യം
അമ്മ തന്ന സ്നേഹം
മറക്കുവാൻ കഴിയില്ല

# പിതാവിനെത്തേടി

അനന്തകൃഷ്ണൻ

വി.

IX-A



കടലിന്റെ തീരത്തു ഞാൻ കാത്തിരി
പ്പാണെൻ അച്ഛന് വേണ്ടി.
ഇനിയും വന്നില്ല എൻ അച്ഛൻ
ഇതുവരെ.
അച്ഛനുള്ള സമയം മാത്രമേ എൻ
പള്ള നിറയുകയുള്ളു.
സൂര്യനും പോയല്ലോ ചന്ദ്രനും
വന്നുവല്ലോ
എൻ അച്ഛൻ അന്നേരവും വന്നിട്ടില്ലല്ലോ.
തിരകൾ എണ്ണി ഞാൻ നിൽക്കവേയാത്തീരത്ത്
തണുത്ത കാറ്റൊന്നു വിശിയപ്പോൾ
ഞാനൊന്നു മയങ്ങിപ്പോയി.

പുലർക്കാലമായപ്പോൾ അതാ തീരത്തൊ
രു തോണി. തോണി തൻ സമീപം
ഞാൻ കണ്ടകാഴ്ച്ചാ എന്നെ
തളർത്തവേ. മറ്റൊന്നുമായിരുന്നില്ലാ
അത്. എൻ അച്ഛൻ ആയിരുന്നു

---

# BEAUTIFUL PEACOCK

It was a cloudy evening Arjun was returning home from the school. He was walking through a path near by a forest suddenly a beautiful Peacock but Peacock are running to following back Arjun. Suddenly Peacock go back Arjun are angry Arjun mother waiting in the house Arjun go back to her house and later her mother was angry with him and he go to fresh and eat food. At night he was going to bed for sleeping he was thought about the beautiful peacock. In the early morning Arjun was ready to go to school. Her path suddenly Arjun hear the voice of the peacock but he was nothing to see the peacock and he was going the school her full of the beautiful peacock and he tell what a beautiful peacock is here. And he was asked his friends t the awesome peacock story and Arjun and his friends go the path to see the peacock and he was ready to going and he was in the magical wood the beautiful peacock is here wow awesome. And he was see the dance of the peacock and later he was going to house and ready to the diary entry of the day.

Nesrin Fathima. N
VII C

# എന്റെ അമ്മ

എന്റെ  അമ്മ

എൻ സ്നേഹമുള്ളമ്മ

എന്റെ ജനനി

എൻ പ്രിയപ്പെട്ടോരമ്മ

നല്ല നല്ല പാഠങ്ങൾ പറഞ്ഞും

നല്ല നല്ലോരു പാട്ടുകൾ പാടിയും

എന്നുമെന്നുമെനൊപ്പമുള്ളമ്മ

എന്റെ സ്വന്തം സ്നേഹമുള്ളമ്മ



എനിക്കെന്നും തണൽ നൽകിയും

എന്നെയെന്നും താലോലിച്ചും

എനിക്കെന്നും ആഹാരവും തന്നൊരു

എന്റെ സ്വന്തം പ്രിയപ്പെട്ടൊരമ്മ

എന്റെ അമ്മ

എൻ സ്നേഹമുള്ളമ്മ

എന്റെ ജനനി

എൻ പ്രിയപ്പെട്ടൊരമ്മ

എന്റെ അമ്മ

എൻ സ്നേഹമുള്ളമ്മ

എന്റെ ജനനി


-മീരാ ഗോപൻ [1]

# കണ്ണുകൾക്കുള്ളിലെ കാർമേഘം

രാത്രിയുടെ ശൂന്യതയിലേക്ക് വഴുതിവീഴുന്ന സൂര്യന്റെ വെളിച്ചം ആ നിഗൂഢമായ മുറിയിൽ നിന്നും അടർന്നുപോകുന്നതായി അയാൾക്കു


തോന്നി.സൂര്യവെളിച്ചം നഷ്ടപ്പെട്ടതോടെ കൗതുകത്തോടെ തിരയുന്ന ആ കണ്ണുകളിൽ ഇരുട്ടിന്റെ വിള്ളൽ വീണപ്രത്യാശയുടെ മെഴുകുതിരിനാളങ്ങളായ ആ കണ്ണുകൾ ഭയത്താൽ വിതുമ്പാൻ

കുതിച്ചു.ദൈവമെന്ന സൃഷ്ടാവ് അവിടെ അയാളെ



1

കൈവെടിഞ്ഞില്ല.മാറാലമൂടിയ ജനൽച്ചില്ലകളിലൂടെ നിലാവെളിച്ചം എത്തി നോക്കാൻ തുടങ്ങി.ആ പ്രകാശമേറിയ നിലാവെള്ളിച്ചത്തിൽ  അയാൾ ആ അപരിചിതമായ മുറിയിലെ ഓരോ വസ്തുക്കളും ശ്ര ദ്ധാപൂർവം വീക്ഷിക്കുന്നുണ്ടായിരുന്നു.ഒരുപാട് ഇരുട്ടിയപ്പോൾ ഉറക്കക്ഷീണം കൊടായിരിക്കാം,അയാൾ തന്റെ കിടപ്പറയിലേക്ക് പോകുവാൻ  തീരുമാനിച്ചു. വാതിൽ തുറക്കുവാനായി ശ്രമിച്ചതല്ലാതെ അതിന് ഫലമുണ്ടായില്ല. ആരെയെങ്കിലും ഉറക്കെ വിളിക്കാമെന്നു കരുതിയാൽ അതുകൊണ്ടും കാര്യമൊന്നുമില്ല. കാരണം മൂന്ന് ഏക്കർ മുഴവൻ റബ്ബർതോട്ടവും അതിന്റെ ഒത്ത നടുവിൽ ആരെയും ഭയത്തിന്റെ മുൾമുനയിൽ നിർത്തുന്ന ഒരു ബംഗ്ലാവും. എത്ര നിലവിളിച്ചാലും  ആരും കേൾ ക്കുകയില്ല.ഇതു പോലെയുള്ള സ്ഥലങ്ങളോട് പ്രിയം തോന്നിയെത്തിയതാണ് അദ്ദേഹം. താൻ മാത്രം ഉള്ള



ഈ ബംഗ്ലാവിൽ ആരാണ് പുറത്തുനിന്ന്  ഈ മുറി പൂട്ടിയിരിക്കുന്നത് എന്നയാൾ ചിന്തിക്കാകിരുന്നില്ല.കുറേ സമയത്തെ പരിശ്രമത്തിനൊടുവിൽ അയാൾ ക്ഷീണിതനായി. കുറേമാറി മുറിയുടെ ഒരു കോണിൽ പൊടിപിടിച്ച ഒരു കസേര ഉള്ളതായി അയാൾ കണ്ടു അവിടെ കുറച്ചുനേരം ചെന്നിരിക്കാം എന്ന് അയാൾ കരുതി. അവിടെ കണ്ട ഒരു പഴയ പുസ്തകവും വായിച്ച് അയാൾ അവിടെ ഇരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ പെട്ടെന്നൊരു

ശബ്ദം .......ടക്........അതിനുപിന്നാലെ ഒരു അലർ
ച്ചയും . നേരെ നോക്കിയ അദ്ദേഹം ഒരു ആൾ
രൂപമാത്രമാണ് കണ്ടത് അയാളുടെ കണ്ണുകൾ
ഭയത്താൽ അചഞ്ചലമായി. കൈകള് വിറയക്കുവാൻ
തുടങ്ങി.നാഢീഞരമ്പുകൾ വലിഞ്ഞുമുറുകുവാൻ തുടങ്ങി.
പല്ലുകൾ  കിടുകിടാ ശബ്ദങ്ങൾ
പുറപ്പെടുവിച്ചു.ഹ്രദയത്തിന്റെ  തുടിപ്പ് പറവകളേ
പോലെ ഉയരാൻ തുടങ്ങി . ജീവിതത്തിന്റെ ഒരോ
ഇടനാഴിയിലും കരുത്തേകിയ ദൈവം അയാളെ
അവിടെ തനിച്ചാക്കിപ്പോകുന്നതായി അയാൾക്ക്
തോന്നി .ജീവിതത്തിൽ ഇനി മറ്റൊന്നും
നഷ്ടപ്പെടാനില്ലാത്ത അയാൾ കരുത്തുണ്ട് എന്ന
പറഞ്ഞു പഠിപ്പിച്ച മനസ്സുമായി കസേരയിൽ നിന്ന്
എഴുന്നേറ്റ് മുന്നിലേക്ക് നടന്നു അതുവരെ പൂട്ടികിടന്ന
വാതിൽ തനിയെ തുറക്കുന്നതായി അയാൾ കണ്ടു
അത്ഭുതത്താൽ അമ്പരന്നുനിന്ന അയാൾ
മനുഷ്യപ്രവചനമല്ലാത്ത മറ്റൊന്നാണ് കണ്ടത്  ആ
ഇരുണ്ടരൂപത്തിൽ നിന്നും യാത്ര പോലും പറയാതെ
കാർക്കുന്തലിന്റെ നിറമുള്ള ഇതളുകൾ മുകളിലേക്ക്

പറന്നുയരാൻ തുടങ്ങി . പെട്ടെന്നൊരു സ്വപ്നത്തിൽ നിന്നെന്നപോലെ അയാളുടെ കണ്ണുകൾ ഭയത്തിന്റെ ചുരുളിൽനിന്നും കുടൊഴിഞ്ഞു



-നളായണി.എസ്.കുമാർ

X C

# കൗമാര ദിനാചരണം

# 2019

INTERNATIONAL YOUTH DAY

2019 TRANSFORMING EDUCATION

ശ്രീ ബാലഭട്ടാരക വിലാസം ഗവ: ഹയർ സെക്കൻഡറി സ്ക്കൂളിൽ ലോക കൗമാര ദിനാചരണത്തിന്റെ ഭാഗമായി വനിതാ ശിശു വികസന വകുപ്പ്, ചൈൽഡ് ലൈൻ എന്നിവയുമായി സഹകരിച്ച് ബോധവൽക്കരണ ക്ളാസ്സ് നടത്തുകയുണ്ടായി. ലോക കൗമാര ദിനമായ ആഗസ്റ്റ് ഒന്ന് വ്യാഴാഴ്ച ചൈൽഡ് ലൈൻ റെസ്ക്ക്യൂ ഓഫീസർ ശ്രീ ശ്യാം ബാലാവകാശം, പോക്സോ ആക്ട്, സൈബർ ക്രൈം, നവമാധ്യമ ദുരുപയോഗം എന്നീ വിഷയങ്ങളിലാണ് ക്ലാസ്സ് നടത്തിയത്. H.M ശ്രീ മാത്യു സാറിന്റെ അധ്യക്ഷതയിൽ യോഗം

ചേരുകയും സ്ക്കൂൾ കൗൺസിസലർ കുമാരി. നിത്യ.കെ.കെ സ്വാഗതം ആശംസിക്കുകയും ചെയ്തു. H.M. കൗമാര ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കുകയും തുടർന്ന് ശ്രീ ശ്യാം ക്ലാസ്സ് നയിക്കുകയുണ്ടായി. കുട്ടികൾക്ക് വളരെ ലളിതമായ രീതിയിൽ നിയമവശങ്ങളെപ്പറ്റിയും സമീപ കാലങ്ങളിൽ നടന്ന സംഭവങ്ങളെ മുൻനിറുത്തിയും സംസാരിച്ചു. തുടർന്ന് ക്ലാസ്സിനെ സംബന്ധിച്ച് ചർച്ച നടത്തുകയും കുട്ടികളുടെ സംശയങ്ങൾക്ക മറുപടി പറയുകയും ചെയ്തു. മാസ്റ്റർ നന്ദി പറയുകയും ചെയ്തു.

# അന്താരാഷ്ട്ര യുവജന ദിനം

**2019 വിദ്യാഭ്യാസത്തെ പരിവർത്തനം ചെയ്യുന്നു**

-ഫർഹാന. എ
IX F

# മഹാത്മാഗാന്ധി



ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഗുജറാത്തിലാണ് ജനിച്ചതെങ്കിലും അദ്ദേഹത്തെ ദക്ഷിണാഫ്രിക്ക ഏറെ സ്വാധീനിച്ചിരുന്നു. എം.കെ. ഗാന്ധിയെന്ന മോഹൻദാസ് കരംചന്ദ് ഗാന്ധി. ജന്മം കൊണ്ടത് ഇന്ത്യക്കാരനാണെങ്കിലും അദ്ദേഹത്തിന്റെ വ്യക്തിത്ത്വത്തവും പ്രത്യയശാസ്ത്രവും(ഗാന്ധിസം) ആവിഷ്കൃതമാകുന്നത്. ദക്ഷിണാഫ്രിക്കയിലെ

സമരങ്ങളോട്  തീചൂളയിലാണെന്ന് നിസ്സർക്കം സമ്മതിക്കണം.

ഈ പശ്ചാത്തലത്തിലാണ് ഗാന്ധി അഥവാ ഗാന്ധിസം പിറവിയെടുത്തത് ദക്ഷിണ ആഫ്രിക്കയിലാണെന്ന് പറയുന്നത് അതുകൊണ്ട് തന്നെയാണ് ഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലേക്ക് തിരിച്ചുവന്നതിന്റെ ശതാബ്ദി ആചരണത്തിന് സംഗത്യമേറുന്നതും.അദ്ദേഹം ജീവിച്ചിരുന്ന കാലത്തും പിന്നീടിന്നേവരെയും ഗാന്ധി വിമർശന വിധേയമായികൊണ്ടിരിക്കുന്നു ഇത്, എന്തുതന്നെയായാലും അദ്ദേഹത്തിന്റെ വ്യക്തിരിത്തമായ വ്യക്തിത്വഗുണത്തിന്റെ ബഹിർസ്ഫുരണം തന്നെ. ദൗർഭാഗ്യവശാൽ സമകാലിക ഗാന്ധി വിമർശനം പലപ്പോഴും ചെന്നെത്തുന്നത് ഗാന്ധിസത്തിലുമാണ്.



ഗാന്ധി കസ്തൂർബയോടൊപ്പം സൗത്ത് ആഫ്രിക്കയിൽ

എന്നാൽ ലോകം മുഴുവൻ സർവ്വാദരണീയനാണ് ഇന്ത്യൻ രാഷ്ട്രപിതാവ് എന്ന കാര്യം ഏതൊരു ഇന്ത്യാക്കാരനും അഭിമാനത്തിന് വക നൽകുന്നതുതന്നെ. ആ നിലയിൽ അദ്ദേഹത്തിന്റെ അസ്തിത്വനനിർമിതി, മറ്റൊരു രാജ്യത്തു വെച്ചാണ് ഉണ്ടായത് എന്ന് മനസ്സിലാകുമ്പോൾ ഉണ്ടാകുന്ന കൗതുകം സ്വാഭാവികമായി ചിന്താദ്ദീപകമായിത്തീരുകയാണിവിടെ............

അടിമക്കച്ചവടം കൊടിക്കുത്തിവാണിരുന്ന ദക്ഷിണാഫ്രിക്കയിലേക്കുള്ള ആദ്യ യാത്രയിൽ ട്രെയിനിൽ വെച്ചുണ്ടായ ദുരനുഭവം

മുതൽ ഗാന്ധിക്ക് വിവേചനത്തിന്റെ ബാലപാഠങ്ങൾ സമ്മാനിക്കുന്നവയായി-
ത്തീരുന്നു. തിരിച്ചുപോരാൻ നിർബന്ധിച്ച സംഭവ-
പരമ്പരകൾ ഉണ്ടായിട്ടും കീഴടങ്ങാതെ പിടിച്ചുനില്ക്കാനും, അതിലുപരി ചെറുത്ത് നിൽക്കാനും തുടങ്ങിയ ഗാന്ധിയിൽ ദർശിച്ചത് കെട്ടടങ്ങാത്ത പോർവീര്യമായിരുന്നു .

പ്രട്ടോറിയയിലെത്തിയ ഗാന്ധിക്ക് താമസം ഒരുക്കുന്നതിന് ഒരു നിയോഗംപോലെ സഹായിയായി എത്തിയത് ഒരു അമേരിക്കൻ നീഗ്രോ ആയിരുന്നു. ഇരുവരും ജോൺസ്റ്റൺസ് ഫാമിലി ഹോട്ടലിൽ എത്തി അന്നത്തേക്ക് തലചായ്ക്കാൻ നേടിയെങ്കിലും വെള്ളക്കാരോടൊപ്പം തീൻമേശ പങ്കിടാൻ ഗാന്ധിക്ക് അവസരമുണ്ടായില്ല. പിന്നീട് ചില യൂറോപ്പ്യൻമാരുടെ ദയാനുകമ്പയിലാണ് ഒരു സുഹൃത്തുക്കൾ ചൂണ്ടിക്കാട്ടിയപ്പോൾ അതിന്റെ പവിത്രത സ്ഥാപിച്ചെടുക്കാൻ
അദ്ദേഹം നടത്തുന്ന പ്രതിപാദം മൗലികമായ മതബോധത്തിന്റേതാണ്.

സംഘടനാശേഷിയും നേതൃപാടവും ആദ്യം പ്രകടമാകുന്നത് ദക്ഷിണാഫ്രിക്കയിലെ ഇന്ത്യാക്കാരുടെ സമ്മേളനത്തോടെയാണ്. ഇവിടെ നടത്തിയ പ്രസംഗം അദ്ദേഹത്തിന്റെ പ്രഭാഷണവൈഭത്തെ എടുത്തു കാട്ടുന്നതാണ്. ഇന്ത്യക്കാർക്ക് വോട്ടവകാശം നിഷേധിക്കുന്ന ഒരു ബില്ല് അവതരിപ്പിച്ച് പാസാക്കാനുള്ള പ്രിട്ടോറിയ ഭരണകൂടത്തിന്റെ നീക്കത്തിനെതിരെ ഒരു സമര പരമ്പര

തന്നെ സൃഷ്ടിക്കേണ്ടിവരുമെന്ന് ഗാന്ധിക്ക് ബോധ്യമായി. ഈ സാഹചര്യത്തിലാണ് ഇന്ത്യാക്കാരുടെ സമരസംഘടനയായി നെറ്റാൾ ഇന്ത്യൻ കോൺഗ്രസ്സ് രൂപം കൊള്ളുന്നത്. സെക്രട്ടറി എന്ന നിലയിൽ ഗാന്ധിയുടെ മുൻകൈ പ്രവർത്തനം ഈ സംഘടനയ്ക്ക് മുതൽക്കൂട്ടായിരുന്നു.

ദക്ഷിണാഫ്രിക്കയിൽ അടിച്ചമർത്തപ്പെട്ടിരുന്ന കരാർ തൊഴിലാളികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അവരുടെ അവകാശ പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്തത് ഗാന്ധിയുടെ അധ്വാനവർഗ്ഗത്തോടുള്ള പ്രതിപത്തിയുടെ ഉത്തമ ദൃഷ്ടാന്തമായിരുന്നു.

-തൻസി താഹ.

VIII F

# MANU AND LOVELY CAT

It was a cloudy evening. Manu was returning home from the school. He was walking through a path near by a forest. Suddenly a lion was walking through the path and the clouds are darked. He have no umbrella. The rain was coming. He ran away through the road. Suddenly there was a lovely cat on the side of a tree. He picked the cat in his hand and ran. The rain was falling on Manu's head.

The cat was crying. Manu picked bag and opened it. There was a packet of biscuit in it. He take it and gave to cat. It was so happy. Suddenly, the forest became silent. Manu ran away through the path to home with the cat. But he was very sad because he was afraid of his mother that if she may beat him for coming late.

The rain was stopped. Then he went to home and open the door. There his mother was waiting for him. He gave the cat to his mother. She was also happy. She told Manu to bath. He took bath and had his food. He told to his mother it was a good experience in his life and also he always remember this day. Then he went to his bed and slept.

-Shifana
**VII C**

# മനുഷ്യൻ നേരെ ;ലോകം നേരെ




ഒരിടത്ത് ഒരിടത്ത് ഫൈസൽ എന്ന പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അവന് വായിക്കുവാനും വായിക്കുന്നവരെയും വളരെ ഇഷ്ടമായിരുന്നു.ഒരിക്കൽ അവന് അവന്റെ പിതാവ് ഒരു സമ്മാനം നൽകി. അവൻ ആ സമ്മാനത്തിനെ കൂടുതൽ ഇഷ്ടപ്പെട്ടു. എന്നാൽ ആ സമ്മാനം അവനെ അമ്പരപ്പിക്കുന്നതായിരുന്നു. ഒരു കീറിയ ലോക ഭൂപടമായിരുന്നു അത്. ഇത് കണ്ട് വിഷമിച്ച ഫൈസൽ അവന്റെ പിതാവിന്റെ മുമ്പിൽ കരഞ്ഞ് കൊണ്ട് ചെന്നു.
മകന്റെ സങ്കടം കണ്ട് വിഷമിച്ച അദ്ദേഹം അവന് ആ

ഭൂപടം കൊണ്ടുള്ള കളി പറഞ്ഞ് കൊടുത്തു. മാത്രമല്ലാ അത് പൂർത്തിയാക്കാൻ നിശ്ചിത സമയവും കൊടുത്തു.
ആ പിതാവിനെ അതിശയപ്പെടുത്തിക്കൊണ്ട് ആ മകൻ അവന്റെ ജോലി പൂർണമാക്കി.
എങ്ങനെയാണ് നീ ഈ ഭൂപടം ക്രൃത്യമായിച്ചേർത്ത് വെച്ചത് എന്ന് ചോദിച്ചപ്പോൾ ആ മകന്റെ മറുപടി പിതാവിനെ തീർത്തും അതിശയിപ്പിച്ചു.ആ മകൻ തനിക്ക് കിട്ടിയ ഭൂപടത്തിന്റെ പിറകിലുള്ള മനുഷ്യ ചിത്രം കണ്ടാണ് അത് യോജിപ്പിച്ചതെന്ന് അവൻ പറഞ്ഞു, മാത്രമല്ല മനുഷ്യൻ നേരെയായാൽ ലോകം മുഴുവനും നേരെയാവുമെന്ന് അവൻ ചേർത്തു. മകന്റെ അറിവിൽ അഭിമാനിച്ചുകൊണ്ട് ആ പിതാവ് അവനെ അഭിനന്ദിച്ചു.



-ആദിൽ മുഹമ്മദ്.എൻ
IX D




It was a day Stratford school's afternoon children came outside with tremendous enthusiasm, because they had finished their successive exams created a great pressure on them when they just step out from the school the children thought as they were coming out of hell but some student did not want to miss their schooldays Praveen, a 14 year old boy who was studying in 9th standard always hated these schooldays. Praveen and his friends planned to go out to watch a film. They thought that it would be a good experience but they didn't inform this to their parents, they planned to go at evening.

It become 9'O clock when they reached home Praveen's mother Geetha who was working in a bakery was tensed on her son but she was proved on his elder son Naveen elder brother Praveen was a good student he is studying in Fatima Mata National college he had full A+ on his subjects in 10th & 12th standard when Praveen

reached his home, His mother scolded him a lot but in vain Praveen didn’t gave ears to his mother’s words. Praveen’s father left them before 10 years in a car accident. Mother thought that if her husband was there both of her children would have grown in the right way. mother always used to say that Praveen should learn new things from his brother, but Praveen always rejected it. The main reason for Praveen’s  rejection is that Praveen and mother are alone in their home. Naveen is studying in the hostel there so he cannot interfere in Praveen’s character.




It was a summer vacation. Praveen’s mother suddenly fell ill. She was tired and exhausted a lot. She fainted and fell on the floor. Praveen was  using mobile with headset on his head. He was enjoying the music. So, he could not recognize his mother’s

sound. After 10 minutes he felt thirsty and he went to drink water. When he reached kitchen something got hit on his leg, when he looked down he noticed that he was kicking his mother’s leg. He tried to wake up his mother. But he couldn’t do it. He went to the neighbour’s house for seeking help. They took his mother to the nearby hospital. The doctor said that if they were late for 10 minutes more, it would have become very risk to help his mother. When they reached their home mother asked for a glass of water. Praveen bought a jar of water and a glass and kept it near to his mother. He said that he will just fill the jar, Mother should pour it to the glass and drink. Then he said that he can’t take care his mother through out. The day his mother had was difficult days. Somehow she passed 2 weeks.

After school reopen Praveen and his friends went on a bike and met an accident. Praveen and his two friends were badly injured. The people who were in that place took them to the nearby hospital staff informed their parent and police. Parents paid a huge total of sum as fine. The doctor suggested a 4 month bed rest for Praveen and his friends. Praveen’s friend Deepu was an orphan, but Praveen’s mother look after Deepu as her own son. Praveen and Deepu were treated well by Praveen’s mother. Praveen thought that his mother would not look after him because he didn’t look after his mother. But mother is always a mother. While feeding Praveen, mother fed his friend Deepu also. Here Praveen and his friend realised mother’s love. Praveen’s friend Deepu was amazed on seeing his

friend's mother's love. Mother gave Praveen's old dress to the poor. Here he is realised that Maternity is the emotion of a mother and its remains till the end of a woman. Here Praveen became proud to get such a mother. He thanked god and said that he is the luckiest son to have a such a nice lovely mother.

- Adhinan Hassan
IX F

# ***OIL CONSERVATION TOWARDS THE BETTER ENVIRONMENT***



Nowadays, the registration of vehicle are increasing considerably. It denote the increase in number vehicle. The number of showrooms and workshop for vehicle are increase a lot. Various types of vehicle and new brands are increasing after each day. As per the number of vehicle increase, the amount of oil for it is also consuming a lot. There are vehicles working in petrol and diesel. The extraction of petrol, diesel etc.. are from the soil. Petrol and diesel are taken in large quantity. It is often to see that there are more than two vehicle in a house. Almost all the people who have two wheelers want to have a four wheelers also.



People likes to travel in their own expensive vehicle. But, in fact a single vehicle would be enough for a family. Each member of a family wants an own vehicle. But, they doesn't think the source for it The painful realisation is that people uses vehicle even for short distance. Here, the new generation must learn from the old generation. Science has developed. It has made our daily activities easy and speedy. But, we are not thinking that all the resources will not exist forever. There is nothing eternal in this world. Everything from a safety pin to the mountain occurs changes after time. Everything has a finish line. So, one day the oil require for vehicle will end. When the availability of these oil decrease, the amount of these oils also increases. Thus, only the rich can get the oil. After some more times the oil will completely drained out. Then the human will come back to their natural living.



The excessive use of vehicle would damage the peaceful equilibrium of the environment. When the use of vehicle increase the gases emitted from the vehicles also increases. The dreadful gases affect the health of all living organism. The reason behind this is human beings. A confession for all these sins will not be available. The man know these things. Still, he acts as he doesn't know. The authority are seeing these. But , they act as they are blind. The green house gases emitted from the vehicles destroy the nature. The resynthesise of ozone stop. Ozone layer depletion occurs. We call the rising heat on earth as

'Global Warming'. The study of global warming is a warning for the new generation.

The main solution for the excessive use of vehicle by wasting fuel is that to reduce the usage of vehicles. It reduce the consumption of oil. For short distance we can travel in bicycles. Using bicycle gains a lot profit. Bicycle are cheap in rate and does not requires fuel. It improves the energy and makes the cyclist stronger. For long distances it is wise to use public vehicles. So, different people to same place can travel in a single vehicle. It is more wise to travel individual. We should realise that nothing is eternal. All the facilities enjoyed by this generation should also be enjoyed by the coming generation also. We should protect the resources for the future. The proverb "prevention is better than cure" should be realised by everyone. This realisation ensures the safety of resources. So, we can conserve oil for a healthy environment.

**-SAMSON SONNO GEORGE**
**X C**

# സംരക്ഷിക്കാം പരിസ്ഥിതിയെ

നമ്മുടെ തലമുറ വളരെ ദുരിതത്തിലേക്ക് പോവുകയാണ് നമ്മുടെ സ്ഥലത്തുള്ള മരങ്ങളും ചെടികളും എല്ലാം മുറിച്ചുകളയുകയാണ് എന്നിട്ട് വലിയ വലിയ കെട്ടിടങ്ങളും നിർ മിക്കുന്നു.പരിസ്ഥിതിയോട് നമ്മൾ വളരെ ക്രൂരതയാണ് കാണിക്കുന്നത് . നമ്മൾ മനുഷ്യർ മരങ്ങൾ വെച്ചു പിടിപ്പിക്കാത്തതിനാൽ പക്ഷികൾക്ക് കൂടു വെക്കാൻ സാധിക്കുന്നില്ല. പ്രകൃതി നമ്മുക്ക് വേണ്ടി നൽകീരിക്കുന്ന ഐശ്വര്യം നമ്മൾതന്നെയാണ് നശിപ്പിക്കുന്നത്.

ഈ കഴിഞ്ഞ പ്രളയം, ഉരുൾപൊട്ടൽ എല്ലാം പ്രകൃതിയെ നമ്മൾ ചൂഷണം ചെയ്യുന്നതിന്റെ ഫലമായിട്ടാണ്. നമ്മുക്കൊരു പാഠം തന്നെയാണ് പ്രകൃതി തരുന്നത്. ഇപ്രാവശ്യം വന്നത് ഉരുൾപൊട്ടലാണ് . മരങ്ങൾ വെച്ചു പിടിപ്പിച്ചാൽ നമുക്ക് വളരെയധികം ഉപയോഗങ്ങളാണ് ഉണ്ടാവുക.ശുദ്ധവായു , ആരോഗ്യപരമായ ആഹാരം എന്നിവ . നമ്മളിൽ നിന്നും

വിട്ടുപിരിയുന്നത് കൃഷിയാണ് .ആധുനിക കാലത്ത് എല്ലാവരും പാടത്തിറങ്ങി കൃഷി ചെയ്യുമായിരുന്ന ഇപ്പോൾ നമ്മൾ ഭക്ഷണത്തിനായി അന്യസംസ്ഥാനക്കാരെ ആശ്രയിക്കുന്നു. ഓണഘോഷത്തിനു പൂക്കളം ഇടാൻ തന്നെ തമിഴ്നാടിനെ ആശ്രയിക്കുകയാണ്. കേരളത്തിന്റെ പച്ചപ്പ് തന്നെ ഇല്ലാതാവുന്നു. പ്രകൃതിയില്ലെങ്കിൽ ശുദ്ധവായു ഇല്ല , ശുദ്ധ ജലം ഇല്ല , പിന്നെ മനുഷ്യനുമില്ല എന്ന് എല്ലാവരും മനസ്സിലാക്കണം .

നമ്മൾ കുട്ടികൾ ഇപ്പോൾ തന്നെ കൃഷിയോട് താൽപര്യം കാമിച്ചാൽ മാത്രമേ വരുംതലമുറകൾക്ക് ജീവിക്കാൻ കഴിയൂ . പ്ഴകളെല്ലാം വളരെ മലിനമാവുകയാണ് . പുഴയും നദിയുമെല്ലാം വളരെ കുറയുകയാണ്. കാർ , ബൈക്ക് തുടങ്ങിയവയെ പോലുള്ള മറ്റ് കണ്ടുപിടുത്തങ്ങളും പ്രകൃതിയെ ദുരന്തത്തിലേക്ക് നയിക്കുന്നു. പ്രകൃതി വളരെ ദുരിതത്തിലാണ്അത് മാറ്റിയെടുക്കാൻ നമുക്ക് കഴിയും അതിനായി പരിശ്രമിക്കാം.

-അബിന അശീർ

VII B




# ഇന്റർനെറ്റ് ഉപയോഗം: കരുതേണ്ട ചില കാര്യങ്ങൾ

സൈബർ യുഗത്തിലാണ് നാമിന്ന് ജീവിക്കുന്നത്. ലോകത്തെ മുഴുവൻ വിരൽ ത്തുമ്പിൽ ഒതുക്കിയ ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും വരവിനെ 'സൈബർ വിപ്ലവം' എന്നാണ് വിശേഷിപ്പിക്കുന്നത്. വീട്ടിലിരുന്ന് ലേകത്തെവിടെയുമുള്ള ലൈബ്രറികളിലെ പുസ്തകങ്ങൾ മറിച്ചുനോക്കാനും ട്രാവൽ ഏജൻസിയിൽ പോകാതെ യാത്രാരേഖകൾ ശരിയാക്കാനും ബാങ്കിൽ പോകാതെ പണമിടപാടുകൾ നടത്താനും കടകളിൽ പോകാതെ സാധനങ്ങൾ വാങ്ങാനും സ്കൂളിലും കോളേജിലും പോകാതെ തന്നെ പഠനം നടത്താനുമൊക്കെ സൈബർ വിപ്ലവം വഴിയൊരുക്കി.

**സൈ**ബർ ലോകം അതിരുകളില്ലാത്ത ലോകമാണെങ്കിലും അതിലിടപെടുമ്പോൾ പാലിക്കേണ്ട ചില നിയമങ്ങളുണ്ട്, മുൻകരുതലുകളുണ്ട്. ഇന്റർനെറ്റ്

ഉപയോഗത്തിന് അതത് രാജ്യങ്ങൾ ചില നിയമങ്ങൾ, മുൻകരുതലുകളുണ്ട്. ഇന്റർനെറ്റ് ഉപയോഗത്തിന് അതത് രാജ്യങ്ങൾ ചില നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതാണ് സൈബർ നിയമങ്ങൾ. സൈബർ ലോകത്തെ ക്രമസമാധാനത്തിന് വേണ്ടിയുള്ള നിർദ്ദേശങ്ങളാണിവ.

## സൈബർ കുറ്റകൃത്യങ്ങൾ

സൈബർ ലോകത്തെ കുറ്റകൃത്യങ്ങളാണ് സൈബർ കുറ്റകൃത്യങ്ങൾ. കമ്പ്യൂട്ടറോ ഇന്റർനെറ്റോ ഉപയോഗിച്ച് മറ്റോരാളുടെ സ്വത്തിനോ മാനത്തിനോ നഷ്ടം വരുത്തുന്നതും ശാരീരികമായോ മാനസികമായോ ഉപദ്രവിക്കുന്നതാണ് സൈബർ കുറ്റകൃത്യങ്ങൾ. ഇവ രണ്ട് തരത്തിലുണ്ട്. കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയവയെ കുറ്റകൃത്യങ്ങൾക്കുള്ള ഉപകരണങ്ങളായി ഉപയോഗിക്കുന്നതും കമ്പ്യൂട്ടർ തുടങ്ങിയവ ലക്ഷ്യം വച്ചുള്ള കുറ്റകൃത്യങ്ങളാണിവ. മറ്റൊരാളെ അപകീർത്തിപ്പെടുത്തുംവിധമുള്ളതോ അപമര്യാദയായുള്ളതോ ആയ സന്ദേശങ്ങൾ പ്രചരിപ്പിക്കുക, മറ്റുള്ളവരുടെ ഫോട്ടോകൾ വികൃതമാക്കി പരസ്യപ്പെടുത്തുക, മറ്റുള്ളവരുടെ അനുവാദമില്ലാതെ അവരുടെ ഫോട്ടോയെടുത്ത് പ്രചരിപ്പിക്കുക, കമ്പ്യൂട്ടറുപയോഗിച്ച് ഒരാളെക്കുറിച്ചുള്ള വിവരങ്ങളോ പ്രോഗ്രാമുകളോ ചോർത്തുക, അത് ഉപയോഗിക്കുകയോ മറിച്ചുവിൽക്കുകയോ ചെയ്യുക, വ്യാജരേഖകളുണ്ടാക്കുക, അശ്ലീലചിത്രങ്ങളുണ്ടാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യക, ഒരാളുടെ അനുവാദം കൂടാതെ അയാളുടെ ബാങ്ക് അക്കൗണ്ടിൽ നിന്ന് പണം പിൻവലിക്കുക, ഒരാളുടെ ക്രെഡിറ്റ് കാർഡ് ഉപയോഗിച്ച് സാധനങ്ങൾ വാങ്ങുക, കമ്പ്യൂട്ടറുകളുടെ പ്രവർത്തനം തകരാറിലാക്കുന്ന വൈറസ് മുതലായ പ്രോഗ്രാമുകളുണ്ടാക്കുക, അവ വിതരണം ചെയ്യുക, ഭീകര പ്രവർത്തനങ്ങൾക്ക് സൈബർ ലോകത്തെ ഉപയോഗപ്പെടുത്തുക, സ്ഥാപനങ്ങളുടെയും മറ്റും വെബ്സൈറ്റുകളും ഈ-മെയിൽ അക്കൗണ്ടുകളും ഉപയാഗിച്ച് ഉപഭോക്താക്കളെ വഞ്ചിക്കുക, സാമ്പത്തികമായ കുറ്റകൃത്യങ്ങൾ നടത്തുക, മറ്റൊരാളുടെ പേരിൽ വ്യാജമായി ഇ-മെയിൽ,

> **അറിയാമോ?**
>
> ഗവർണർ, കപ്പിത്താൻ എന്നീ അർഥങ്ങൾ വരുന്ന കൈബർനെറ്റസ്(kybernetes) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് സൈബർ എന്ന വാക്കിന്റെ ഉത്ഭവം.

ഫേസ്ബുക്ക് അക്കൗണ്ടുകൾ ഉണ്ടാക്കുക, അയാളാണെന്ന് ധരിപ്പിച്ച് ചാറ്റ് ചെയ്യുക, ഫ്രീവെയറുകളല്ലാത്തതും കോപ്പി റൈറ്റ് ഉള്ളതുമായ സോഫ്റ്റ് വെയറുകൾ, വിഡിയോ ഫയലുകൾ, ഓഡിയോ ഫയലുകൾ, ചിത്രങ്ങൾ, ചലചിത്രങ്ങൾ മുതലായവ ഡൗൺലോഡ് ചെയ്യുകയോ കോപ്പി ചെയ്യുകയോ ചെയ്യുക, ഇന്റർനെറ്റ് വഴി മറ്റൊരാളാടുയോ, സ്ഥാപനത്തിന്റെയോ വെബ്സൈറ്റ്, ബ്ലോഗ്, ഈ-മെയിൽ അക്കൗണ്ട് എന്നിവയിൽ അനധികൃതമായി പ്രവേശിച്ച് അതിലെ വിലപ്പെട്ട വിവരങ്ങൾ ചോർത്തിയെടുക്കുക, കമ്പ്യൂട്ടർ,മൊബൈൽ ഫോൺ മോഷ്ടിച്ച് കൈവശം വെക്കുക തുടങ്ങിയവയെല്ലാം സൈബർ കുറ്റകൃത്യങ്ങളാണ്.

ഇത്തരം കുറ്റങ്ങൾക്ക് മൂന്ന് മുതൽ അഞ്ച് വർഷം വരെ തടവും ലക്ഷങ്ങൾ വരുന്ന പിഴ ശിക്ഷയും ലഭിക്കാവുന്നതാണ്.

**ഇന്ത്യലെ സൈബർ നിയമങ്ങൾ**

ഐടി ആക്ട് 2000, ഐടി ആക്ട് 2008 ഭേതഗതി എന്നിവയാണ് ഇന്ത്യയിലെ സൈബർ നിയമങ്ങൾ.

**സൈബർ കുറ്റകൃത്യങ്ങൾ തടയാൻ അന്താരാഷ്ട്ര സംഘടന**


അന്താരാഷ്ട്ര സാമ്പത്തിക സഹകരണത്തിനുള്ള സംഘടയായ ഓർഗനൈസേഷൻ ഓഫ് ഇക്കണോമിക് കോ ഓപ്പറേഷൻ ആൻഡ് ഡെവലപ്മെന്റ് ആണ് ആദ്യമായി അന്താരാഷ്ട്രതലത്തിൽ സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ തുടങ്ങിയത്.

1985 ൽ ഈ സംഘടന അംഗരാജ്യങ്ങളോട് സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നിയമനിർമ്മാണം നടത്താൻ ആവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ രാജ്യവും തങ്ങൾക്കനയോജ്യമായ സൈബർ നിയമങ്ങൾ നിർമ്മിക്കുകയുണ്ടായി.

-റഫാൻ റിയാസ്

IX F

# ഗാന്ധിജി



ഒരു വെടിയുണ്ടയിൽ ജീവൻ

വെടിഞ്ഞ ഗാന്ധി

സഹനം കൊണ്ട് സമരം ചെയ്തു

ഇന്ത്യയെ പിടിച്ചടക്കിയ ഗാന്ധി

അധികാരം കൈവെള്ളയിൽ വന്നപ്പോൾ
ആശ്രമത്തിലേക്ക് പോയ ഗാന്ധി
മനുഷ്യർ തെരുവിൽ തല്ലി മരിക്കും
നേരം ഓടിയെത്തിയ ഗാന്ധി
എന്റെ രാഷ്ട്രപിതാവാണ് ഗാന്ധി
എന്റെ ആത്മാവിലുറങ്ങും ഗാന്ധി
ചിന്തയിൽ നിന്ന് ചിതയിലേക്ക്
പോയ ഗാന്ധി........

- അൻസിൽ എ
VIII F

# പരിസ്ഥിതി സംരക്ഷണം



പരിസ്ഥിതി സംരക്ഷിക്കേണ്ടത് നാം ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. പരിസ്ഥിതി നമ്മുടെ അമ്മയാണ്.പരിസ്ഥിതിയെ പല രീതിയിൽ നമുക്ക് സംരക്ഷിക്കാം. ചെടികൾ വെച്ച് പിടിപ്പിക്കൽ,തുടങ്ങിയവ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് തുല്യമാണ്. എന്നാൽ

നമ്മൾ പല രീതിയിൽ പരിസ്ഥിതിയെ ഉപദ്രവിക്കുന്നു. കാടുകൾ വെട്ടി നശിപ്പിക്കുന്നു,മരങ്ങൾ മുറിക്കുന്നു, ഇതൊക്കെ നമ്മൾ പരിസ്ഥിതിയോട് ചെയ്യുന്ന ഉപദ്രവങ്ങളാണ്. നമ്മൾ അന്തരീക്ഷത്തെ മലിനമാക്കുന്നു. നാം ശ്വസിക്കുന്ന വായു നമ്മൾ തന്നെയാണ് നശിപ്പിക്കുന്നത്. വായു മലിനീകരണം നമുക്ക് തന്നെ ദോശകരമാകുന്നു. വായു കിട്ടാതെ എത്രയോ പേരാണ് മരിക്കുന്നത്. ഈയിടയ്ക്ക് പ്രളയം ഉണ്ടായി.അത് പ്രകൃതിയുടെ ഒരു തിരിച്ചടിയാണ്. പ്രകൃതിയോട് ചെയ്യുന്ന ഉപദ്രവങ്ങൾക്ക് പ്രകൃതി മനുഷ്യർക്ക് നൽകിയ ഒരു മുന്നറിയിപ്പാണ്.

അങ്ങനെ എത്ര പ്രകൃതി ദുരന്തങ്ങൾ. എത്ര ദുരന്തങ്ങൾ ഉണ്ടായാലും മനുഷ്യർ പഠിക്കുന്നില്ല.മനുഷ്യർ പ്രകൃതിയോട് ചെയ്യുന്ന ക്രൂരത അതി കഠിനമാണ്. പ്രകൃതി നമുക്ക് എന്തെല്ലാം നല്കുന്നു എന്നാൽ അതൊന്നും മനുഷ്യർക്ക് എത്ര പറഞ്ഞാലും മനസ്സിലാവുകയില്ല. മരങ്ങൾ നമുക്ക് തണൽ നൽകുന്നു,പ്രകൃതി നമുക്ക് ശുദ്ധമായ കാറ്റ് നൽകുന്നു,യഥാർത്ഥത്തിൽ പ്രകൃതി ഒരു അൽഭുതമാണ്.

പ്രളയ സമയത്ത് മനുഷ്യർ അനുഭവിച്ച ദുരിതങ്ങൾ നാമെല്ലാം കണ്ണുകൊണ്ട് കണ്ടതാണ്. പ്രകൃതിയെ ഉപദ്രവിക്കുന്ന മനുഷ്യർക്ക് നൽകിയ തിരിച്ചടിയാണ്.പ്രകൃതിയെ സംരക്ഷിക്കൽ

നമ്മുടെ കടമയാണ്.അതുകൊണ്ട് പ്രകൃതിയെ സംരക്ഷിച്ച് കൊണ്ട് നമുക്ക് മുന്നോട്ട് പോകാം.

**പ്രകൃതിയെ സംരക്ഷക്കാം**

**ജീവൻ നിലനിർത്താം....**

**- ഷിഫാന.എസ്സ്**

**VII B**

# ശൂന്യത

എന്നത്തേക്കാളും നേരത്തേ ഞാൻ ഇന്ന് ഉറക്കമുണർന്നു. എന്തോ! ഒരു ഉന്മേഷക്കുറവ്. കിടക്കയിൽ നിന്നുമെഴുന്നേറ്റ് പതിവു കൃത്യങ്ങളെല്ലാം ചെയ്തു. സുമ പ്രഭാത ഭക്ഷണം വിളമ്പി .അത് കഴിച്ചുകൊണ്ട് ഞാൻ കാക്കി ധരിച്ചു. ഓട്ടോറിക്ഷയുമെടുത്ത് ടൗണിലേക്കിറങ്ങി. നിറയെ തിക്കും തിരക്കും.നാടോടികൾ, ജനനിബിഡമായ റോഡ്. ഉടമസ്ഥർ കടകൾ തുറക്കുന്നതേയുള്ളു. സമയം എട്ടര ആയിക്കാണും സ്റ്റാന്റിൽ ഞാൻ ഓട്ടോ നിർത്തി .

ഭിക്ഷാടകരും,അംഗംവൈകല്യമുള്ള കുട്ടികളുമെല്ലാം അരികിൽവന്നു കൈ നീട്ടി. എനിക്ക് കഴിയുന്ന വിധം ഞാനവരെ സഹായിച്ചു. എന്നത്തേക്കാളുമേറെ ഓട്ടം ഇന്നെനിക്ക് കിട്ടി. ഉച്ചയ്ക്ക് വീട്ടിൽ പോയി ഭക്ഷണം കഴിച്ച ശേഷം വീണ്ടും പഴയ സ്ഥാനത്ത് ഞാൻ എത്തി. അപ്പോഴാണ് തെരുവിൽ ഒരു കടത്തിണ്ണയുടെ മൂലയ്ക്ക് ഒതുങ്ങിയിരിക്കുന്ന വൃദ്ധൻ എന്റെ ശ്രദ്ധയിൽപ്പെട്ടത്. ഏകദേശം ഒരാഴ്ച്ചക്കാലം കൊണ്ടുള്ള ഇരിപ്പാണ്. ആരെങ്കിലും നൽകുന്ന ഭക്ഷണം മാത്രം കഴിച്ചുകൊണ്ടുള്ള ഇരിപ്പ്. ഞാൻ അയാളെപ്പറ്റി അന്വേഷിച്ചു. വീട് അൽപ്പം തെക്കാണ്. നാലു മക്കളുണ്ട്. അവരെല്ലാം നല്ല നിലയിലാണ്. ഭാര്യ മരണപ്പെട്ടിട്ട് രണ്ടാഴ്ചയായി. ഇത്രയൊക്കെയാണ് അയാളെപ്പറ്റ അന്വേഷിച്ചപ്പോൾ ലഭിച്ച കാര്യങ്ങൾ. കൂടെയൊരു പെണ്കുട്ടി ഉള്ള കാര്യം പിന്നീടാണ് ഞാൻ മനസ്സിലാക്കിയത്. അത് അദ്ദേഹത്തിന്റെ ആറാമത്തെ കുട്ടിയാണ്. അംഗവൈകല്യമുള്ളവൾ, ബുദ്ധിയ്ക്ക് മാന്ദ്യമുണ്ടെന്ന് കണ്ടാൽ മനസ്സിലാകും. അദ്ദേഹത്തിന്റെ വീട്ടിൽ തിരക്കിയപ്പോൾ പറഞ്ഞത് നാലു മക്കളാണ് എന്നാണ്. അഞ്ചാമത്തെ കുട്ടി മരണപ്പെട്ടു. ഇളയവൾ

ബുദ്ധിമാന്ദ്യമുള്ളവളാണ് എന്ന് പറയാനുള്ള മടി കൊണ്ടായിരിക്കാം പറയാതിരുന്നത്. സമയം സന്ധ്യയായി വരുന്നു. അപ്പോഴാണ് ഒരുത്തൻ ആശുപത്രിയിൽ പോകാൻ വരണം എന്ന് പറഞ്ഞ് ഓടിവരുന്നത്. ഒട്ടും സമയം കളയാതെ ഞാൻ ഓട്ടോയുമെടുത്ത് പോയി. തിരിച്ചു വന്നപ്പോൾ സമയം ഏറെ വൈകി. ഞാൻ ഓട്ടോസ്റ്റാന്റിന്റെ അടുത്ത് എത്തി. ഞെട്ടിപ്പിക്കുന്ന ഒരു കാഴ്ച്ച!മൂന്ന് നാല് പേർ കൂടി വൃദ്ധനെ മർദ്ദിക്കുന്നു. അയാളുടെ മക്കളെ രണ്ട്പേർ ബലമായി പിടിച്ചുകൊണ്ട് പോകുന്നു. വൃദ്ധൻ ആവുന്നത്ര വിധത്തിൽ എതിർക്കാൻ ശ്രമിക്കുന്നുണ്ട്. പക്ഷേ ബലവാന്മാരായ അവർ വൃദ്ധനെ എന്തൊക്കയോ ശകാരിക്കുകയും ബലമായി പിടിച്ചുകൊണ്ടുപോകുകയും ചെയ്യുന്നു. നിസ്സഹായനായി നോക്കി നിൽക്കുവാൻ മാത്രമേ എനിക്ക് കഴിഞ്ഞുള്ളു. ഒടുവിൽ ആ പെൺകുട്ടിയുടെ ഒരു നിലവിളി ഞാൻ കേട്ടു. അത് ആ തെരുവിനെ മുഴുവൻ വിറപ്പിക്കുന്നതായി തോന്നി. അൽപ്പനേരം ഞാനവിടെ സ്തംഭിച്ചു നിന്നു. പിന്നീട് ഞാനങ്ങോട്ടേക്ക് പോയി നോക്കി. ആ റോഡിൽ തെറിച്ചു കിടക്കുന്ന ചോരത്തുള്ളികൾ മാത്രമാണ് ഞാൻ കണ്ടത്. ഞാൻ ചുറ്റുമൊന്ന് നോക്കി. എങ്ങും ശൂന്യത മാത്രം.

-സൂഫിയ നിസാർ

IX C



# നന്ദി

ഈ മാഗസിന്റെ
നിർമ്മാണത്തിനായി ഞങ്ങളെ സഹായിച്ച സ്കൂൾ H.M- നും ടീച്ചർമാർക്കും, കുട്ടികൾക്കും, ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും, മാസ്റ്റേഴസിനും നന്ദി അറിയിച്ചു കൊള്ളുന്നു.